## സ്ത്രീ

കാമിനി!  നീയൊരു കാഞ്ചനക്കൂട്ടിലെ തത്തയോ?
മോഹത്തിൻ ചിറകിൽ പറക്കും കുരികിലോ.;
വീട്ടിലെ മഹാലക്ഷ്മിയൊ?  ക്ഷമതൻ ഭൂമികന്യയോ,
ആരുനീ ഉലകം വാഴ്ത്തിപ്പാടും ദുഃഖ സത്യമോ?

ആദിയും അന്തവും, സർഗ്ഗപ്രപഞ്ചവും,
അനർഘമൊഴുകുന്നു നിന്നിലൂടെ;
അമ്മിഞ്ഞ പാലിലൂടൊഴുകുന്നു ജീവന്റെ,
ഉദാത്തമാം, അമൃതമാം അക്ഷയധാര.

വിതക്കുന്നു നീ നന്മ, പക്ഷെ കൊയ്യുന്നതൊ പതിരും,
എങ്കിലും നട്ടുനനക്കുന്നു അദമ്യമാം സ്നേഹം വീണ്ടും;
സഹിക്കുവാൻ മാത്രം വിധിച്ചതാം നിൻ ഹൃത്തിൽ,
ക്ഷമിക്കുന്നിതൊരായിരം തെറ്റുകൾ.

ചങ്ങലക്കിട്ടുവോ നിന്നെയീയുലകം,
ബന്ധിച്ചുവോ നിൻ വികാരധാരയെച
മാനിച്ചതില്ല നിൻ മാനുഷ്യമൂല്യങ്ങൾ,
ഹനിച്ചുവോ നിൻ സ്വപ്നശലഭങ്ങളെ.

ഞെട്ടരുതൊരിക്കലും ബന്ധുരമാമോർമ്മയിൽ,
ഞെട്ടറ്റുവീഴാതെ, തളരാതെ, പോകണം;
നിന്നന്തരംഗത്തിലൊളിപ്പിക്കീ അഗ്നിയെ,
കുളിർവീശും തെന്നലായ് മരുവേണം മന്നിതിൽ.

രാപകലില്ലാത്ത കഠിനാദ്ധ്വാനങ്ങളിൽ,
ദേഹവും, ദേഹിയും, കുഴഞ്ഞു പോകുമ്പോഴും;
ചുണ്ടിൽ സുസ്മേര സ്മിതങ്ങൾ വിരിക്കണം,
കാന്തന്റെ കരളിലൊ പൂത്തിരി കത്തണം.

മനം നൊന്തുവിങ്ങി പൊട്ടിതകരുമ്പഴും,
പൊട്ടിച്ചിരിക്കേണം ഉച്ചത്തിൽ, ഉച്ചത്തിൽ;
തമസ്സിൽ നെയ്ത്തിരി നാളമായ് കത്തണം,
എരിഞ്ഞടങ്ങിയണയുവാൻ വെമ്പുമ്പഴും.



തന്ത്രികൾ പൊട്ടിത്തകർന്ന നിൻ വീണയിൽ-
അപസ്വരങ്ങളുതിർക്കാതെ മീട്ടണം,
ഹൃദയമിടിപ്പിന്റെ താളപ്പിഴകളിൽ;
താളം തെറ്റാതെ അയയാതെ പാടണം.

കരയുവാൻപോലും അനുവാദമില്ലിവിടെ-
സ്ത്രീകൾ തൻ കണ്ണീർ വീഴരുത് തറവാട്ടിൽ;
അനിഷേദ്ധ്യ നിയമങ്ങൾ ലംഘിക്കാൻ പാടില്ല,
നിയതിതൻ കൈക്കീഴിൽ അമർന്നുകൊൾക.

ശ്രമിച്ചതില്ലാരും കണ്ടെത്തുവാൻ നിന്നെ,
തൊട്ടറിഞ്ഞതില്ല നിൻ അന്തഃസത്തയെ;
എന്തെന്നാൽ ക്ഷമയാധരിത്രീ നീ ചുമക്കുന്നു,
ഈ ലോകത്തിൽ ഭാരിച്ച കുരിശുകളത്രയും.

നന്മയെയോർത്തു നിൻ നാഥനായർപ്പിക്കൂ,
മക്കൾക്കുവേണ്ടി സഹിക്കണം സർവ്വവും;
കാലം തീർക്കും അരക്കില്ലത്തിൽ നീയപ്പോൾ,
വാഴും, രാജ്ഞിയായ്, അമ്മയായ്, അമ്മൂമ്മയായ്.

ത്യാഗമാണു സ്നേഹം, സ്നേഹമാണഖിലം,
അതൊന്നു മാത്രമീ ധരിത്രിതൻ സത്യം;
സർവ്വംസഹമായ സ്ത്രീ തന്നെ പ്രപഞ്ചം,
അവൾ തൻ കണ്ണീരിലൂടൊഴുകുന്നീ പുണ്യം.